**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 5** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബി കരാറുകാർക്ക് നൽകാനുള്ള തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബിക്കു വേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് തുക അനുവദിക്കുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** കിഫ്ബി നാളിതുവരെ 1,00,341 കോടി രൂപയുടെ 1,240 പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 24,912 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും 43,936.37 കോടി രൂപയുടെ പദ്ധതികൾ പുരോഗമിച്ചു വരുകയുമാണ്. ഇവയ്ക്കായി ആകെ 42,158.31 കോടി രൂപ നൽകിയിട്ടുണ്ട്.

നിലവിൽ വിവിധ പദ്ധതികളുടെ, 26.05.2026 മുതൽ സമർപ്പിക്കപ്പെട്ട 198.03 കോടി രൂപയുടെ ബില്ലുകൾ കിഫ്ബിയിൽ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കരാറുകാർക്ക് കുടിശ്ശിക വരുത്തിയത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ കരാറുകാർക്ക് കുടിശ്ശിക തീർത്തുനൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**